"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ്—സ്പോർട്സ് & ഗെയിംസ്—ദേശീയ സിവിൽ സർവ്വീസ് മത്സരങ്ങളിൽ വിജയികളാകുന്ന സർക്കാർ ജീവനക്കാർക്ക് നൽകുന്ന ക്യാഷ് അവാർഡ് തുക വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

F J5

## പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പ്

G. O. (P) No. 8/2020/GAD തിരുവനന്തപുരം, തീയതി 2020 ഏപ്രിൽ 24.

പരാമർശം:— 1. 27-8-1992 ലെ സ. ഉ. (സാധാ) നം. 7264/92/പൊ. ഭ. വ.

2. 8-1-2014 ലെ സ. ഉ. (പി) നം. 8/14 പൊ. ഭ. വ.

3. കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ 26-4-2019 ലെ ഇ2-5195/18/ഡി. എസ്. വൈ. എ. നമ്പർ കത്ത്.

## ഉത്തരവ്

കേന്ദ്രഗവൺമെന്റിന്റെ പേഴ്സണൽ ആന്റ് ട്രയിനിംഗ്, പബ്ലിക് ഗ്രിവൻസസ് ആന്റ് പെൻഷൻസ് വകുപ്പിന് കീഴിലുള്ള സെൻട്രൽ സിവിൽ സർവ്വീസസ് കൾച്ചറൽ ആന്റ് സ്പോർട്സ് ബോർഡ് എല്ലാ വർഷവും കേന്ദ്ര-സംസ്ഥാന ജീവനക്കാർക്കായി ദേശീയ സിവിൽ സർവ്വീസ് മത്സരങ്ങൾ സംഘടിപ്പിച്ച് വരുന്നു.

ദേശീയ സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളാകുന്ന ജീവനക്കാർക്ക് നൽകി വരുന്ന ക്യാഷ് അവാർഡ് തുക വർദ്ധിപ്പിക്കണമെന്ന് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ദേശീയ സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്ന

വർക്കുള്ള ക്യാഷ് അവാർഡ് 10,000 രൂപയായും (പതിനായിരം രൂപ മാത്രം) രണ്ടാം സ്ഥാനം നേടുന്നവർക്ക് 5000 രൂപയായും (അയ്യായിരം രൂപ മാത്രം) മൂന്നാം സ്ഥാനം നേടുന്നവർക്ക് 3000 രൂപയായും (മൂവായിരം രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുകളിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**കെ. ആർ. ജ്യോതിലാൽ,**
*പ്രിൻസിപ്പൽ സെക്രട്ടറി.*

പകർപ്പ് :—

ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും.

എല്ലാ ജില്ലാകളക്ടർമാർക്കും

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരള, തിരുവനന്തപുരം.

സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (vide U. O. No. E No. 888717 : EXP - A2/324/2018-Fin dated 4-1-2020)

വെബ് & ന്യൂ മീഡിയ, ഐ & പി. ആർ. ഡി., തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.